*ഉത്തരം*

(എ) 2002 നവംബർ മുതൽ 2005 ജൂൺ വരെ ഭരണ നവീകരണ പരിപാടികൾക്കായി 217,27,90,900 രൂപ വിവിധ വകുപ്പുകളിലായി ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത തുകയുടെ വിശദാംശം ഇനം തിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) പൊതുഭരണം, ധനകാര്യം, ആരോഗ്യം, പൊതുവിദ്യാഭ്യാസം, റവന്യൂ ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാരം, ഗതാഗതം, ആഭ്യന്തരം, ഭക്ഷ്യം, രജിസ്ട്രേഷൻ, ജലവിഭവം, തദ്ദേശ സ്വയംഭരണം (അർബൻ), തദ്ദേശ സ്വയംഭരണം (റൂറൽ), ആസൂത്രണം, തൊഴിൽ, പബ്ളിക് റിലേഷൻ, വ്യവസായം, ഇൻഫർമേഷൻ ടെക്നോളജി, സാമൂഹ്യക്ഷേമം എന്നീ 19 ഭരണ വകുപ്പുകൾവഴിയാണ് ഭരണ നവീകരണ പരിപാടി നടപ്പിലാക്കുന്നത്.

ഓരോ വകുപ്പിലും നടപ്പിലാക്കേണ്ട പദ്ധതികൾ നിർദ്ദേശിക്കുന്നത് അതതു വകുപ്പുകൾ തന്നെയാണ്. ഈ നിർദ്ദേശങ്ങൾ എം.ജി.പി.ക്കുവേണ്ടിയിട്ടുള്ള വകുപ്പുതല സമിതികൾ, ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സ്റ്റിയറിംഗ് കം എംപവേർഡ് കമ്മിറ്റി, മന്ത്രിസഭ എന്നിവയുടെ അംഗീകാരത്തിനു വിധേയമായാണ് തീരുമാനിക്കുന്നത്.

വകുപ്പുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഏറ്റവും അനുയോജ്യമായ പദ്ധതികൾ വിവിധ തലങ്ങളിൽ നടത്തിയ ചർച്ചകളിലൂടെയും ശിൽപ്പശാലകളിലൂടെയുമാണ് തെരഞ്ഞെടുത്തിട്ടുള്ളത്.

(സി) ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി സ്ഥിരാംഗമായ എം.ജി.പി. സ്റ്റിയറിംഗ് കം എംപവേർഡ് കമ്മിറ്റിയാണ് പദ്ധതികൾക്ക് അംഗീകാരം നൽകുന്നത്.

**എം.ജി.പി. യുടെ പ്രവർത്തനങ്ങൾ**

7 [3260] *ശ്രീ. എ. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.ജി.പി. യുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ബി) സംസ്ഥാനത്തെ പൊതുജനങ്ങൾക്ക് എം.ജി.പി. യുടെ പ്രവർത്തനങ്ങൾമൂലം എന്തെല്ലാം നേട്ടങ്ങളുണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) സേവന മേഖലയിൽ ഏതെല്ലാം പ്രവർത്തനങ്ങൾക്കാണ് എം.ജി.പി. മുൻതൂക്കം നൽകുന്നത്;

(ഡി) എം.ജി.പി. നടപ്പിലാക്കുന്നതിന് സംസ്ഥാനത്ത് എത്ര ആഫീസുകൾ പ്രവർത്തിക്കുന്നുണ്ട്;

†അനുബന്ധം II കാണുക.

GPM. 2/609/2012—7

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എം.ജി.പി. യുടെ ആഫീസ് ആരംഭിക്കുന്നതിനും തുടർ പ്രവർത്തനത്തിനും ജീവനക്കാരുടെ ശമ്പളവും മറ്റാനുകൂല്യത്തിനും എന്ത് തുക ചെലവഴിച്ചിട്ടുണ്ട്; എം.ജി.പി. യുടെ പ്രവർത്തനത്തിന് സർക്കാർ എന്ത് തുക അനുവദിച്ചിട്ടുണ്ട്;

(എഫ്) ഏഷ്യൻ വികസന ബാങ്കിൽനിന്നും ലഭിച്ച വായ്പ അനുവദിച്ചപ്പോൾ നൽകിയ ഉപാധികളുടെ ഭാഗമായിട്ടാണോ എം. ജി. പി. യുടെ പ്രവർത്തനം സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ളത്?

*ഉത്തരം*

(എ) നിയമങ്ങളുടെയും നടപടിക്രമങ്ങളുടെയും പരിഷ്ക്കരണം തുടങ്ങിയ നയപരമായ പരിഷ്ക്കാരങ്ങളിലൂടെ 16 ഭരണ വകുപ്പുകൾക്ക് കീഴിലെ സർക്കാർ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള പൊതു ഉദ്യമങ്ങളും അടിസ്ഥാന സൗകര്യ വികസനത്തിലൂടെ സേവന നിലവാരം വളരെവേഗം മെച്ചപ്പെടുത്തുന്നതിനുള്ള സേവനപ്രദാന പദ്ധതിയും ചേർന്നതാണ് ഭരണ നവീകരണ പരിപാടി (എം.ജി.പി.).

(ബി) ഭരണ നവീകരണ പരിപാടിയുടെ നിർവ്വഹണം പുരോഗമിച്ചു വരുന്നതിനനുസരിച്ച് പ്രസ്തുത പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെട്ടുവരുന്നുണ്ട്. പാലക്കാട് കളക്ട്രേറ്റിൽ നടപ്പിലാക്കിയ ഡി.സി. സ്യൂട്ട് വിവിധ വകുപ്പുകളിൽ പ്രസിദ്ധീകരിച്ച സിറ്റിസൺ ചാർട്ടറുകൾ, ജനന മരണ രജിസ്ട്രേഷനുകൾ ലളിതമാക്കുന്നതിനുള്ള ഹോസ്പിറ്റൽ കിയോസ്ക് പ്രോജക്ട് തുടങ്ങിയവ ഇവയിൽ ചിലതാണ്. പദ്ധതി പൂർണ്ണമായി നടപ്പിലാക്കി കഴിയുമ്പോൾ പദ്ധതിക്കുകീഴിൽ വരുന്ന സ്ഥാപനങ്ങളെല്ലാം തന്നെ മാതൃകാ സേവന പ്രദാന കേന്ദ്രങ്ങളായി മാറുന്നതാണ്.

(സി) നിയമങ്ങളുടെയും, നടപടിക്രമങ്ങളുടെയും ലഘൂകരണം, സിറ്റിസൺ ചാർട്ടറുകളുടെ പ്രസിദ്ധീകരണവും അതനുസരിച്ച് പൊതുജനത്തിന് കൃത്യമായ സേവനങ്ങൾ ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനവും, മെച്ചപ്പെട്ട സേവനം നൽകുന്നതിനുള്ള പരിശീലനം, സർക്കാർ ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനം, സേവന നിലവാരം മെച്ചപ്പെടുത്തുന്നതിന് ഇൻഫർമേഷൻ ടെക്നോളജിയുടെ ശരിയായ വിനിയോഗം തുടങ്ങി പൊതുജന കേന്ദ്രീകൃതമായി സർക്കാർ സ്ഥാപനങ്ങളുടെ സേവന നിലവാരം മാതൃകാപരമായി മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്കാണ് എം.ജി.പി. യിൽ മുൻതൂക്കം നൽകുന്നത്.

(ഡി) ഭരണ നവീകരണ പരിപാടി 19 ഭരണ വകുപ്പുകൾവഴിയാണ് നടപ്പിലാക്കുന്നത്. ഓരോ വകുപ്പിലും പ്രസ്തുത പരിപാടി നടപ്പിലാക്കുന്നതിന്റെ പൂർണ്ണമായ ഉത്തരവാദിത്വം അതതു വകുപ്പുകൾക്ക് തന്നെയാണ്. ഭരണ നവീകരണ

LIBRARY ARCHIVES Kerala Legislative Assembly

പരിപാടിയുടെ ഏകോപനം മാത്രമാണ് പൊതുഭരണ (എം.ജി.പി.) വകുപ്പുവഴി ചെയ്യുന്നത്. ഇതിനായി സെക്രട്ടറിയേറ്റിൽ ഒരു യൂണിറ്റും മെഡിക്കൽകോളേജി നടുത്തുള്ള ട്രിഡ ബിൽഡിംഗിൽ ഒരു മിഷൻ ഓഫീസും പ്രവർത്തിക്കുന്നുണ്ട്.

(ഇ) എം.ജി.പി. യുടെ ആഫീസ് ആരംഭിക്കുന്നതിനും തുടർപ്രവർത്തനത്തിനും ജീവനക്കാരുടെ ശമ്പളവും മറ്റാനുകൂല്യത്തിനും മറ്റുമായി 2002-2003, 2003-2004, 2004-2005 സാമ്പത്തിക വർഷങ്ങളിലായി ആകെ 2,60,11,233 രൂപ ചെലവഴിച്ചിട്ടുണ്ട്.

എം.ജി.പി. മിഷന്റെ പ്രവർത്തനത്തിനായി ചുവടെ ചേർക്കുംപ്രകാരമുള്ള തുകകളാണ് ഓരോ സാമ്പത്തിക വർഷത്തിലും ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്:

| | | |
|---|---|---|
| 2002-2003 | – | 10,98,000 |
| 2003-2004 | – | 2,40,00,000 |
| 2004-2005 | – | 2,40,00,000 |
| | | 4,90,98,000 |

(എഫ്) ഉപാധികളുടെ ഭാഗമായിട്ടല്ല മറിച്ച് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ഭരണ നവീകരണ പരിപാടിയുടെ നടത്തിപ്പിന് ആവശ്യമായ ഫണ്ട് കേന്ദ്ര സർക്കാർവഴി ഏഷ്യൻ വികസന ബാങ്കിൽ നിന്ന് ലഭ്യമാക്കുകയായിരുന്നു.

**സർക്കാർ കടപ്പത്രം പുറപ്പെടുവിച്ചതിന്റെ വിശദാംശങ്ങൾ**

8 [3261] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996 മേയ് മാസത്തിനും 2001 മേയ് മാസത്തിനും ഇടയ്ക്കുള്ള കാലഘട്ടത്തിൽ സംസ്ഥാന ഗവൺമെന്റ് എത്ര കടപ്പത്രങ്ങൾ ഇറക്കിയിട്ടുണ്ടെന്നും ഇതിലൂടെ എന്തു തുക സമാഹരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) 2001 മേയ് മാസം മുതൽ നാളിതുവരെ സംസ്ഥാന ഗവൺമെന്റ് ഏതെങ്കിലും കടപ്പത്രം പുറപ്പെടുവിക്കുകയുണ്ടായിട്ടുണ്ടോ; എങ്കിൽ അതിലൂടെ എന്തു തുക സമാഹരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) 1996 മേയ് മാസത്തിനുമുമ്പ് ഗവൺമെന്റ് കടപ്പത്രത്തിലൂടെ സ്വരൂപിച്ച എത്ര തുക 1996-2001 കാലയളവിൽ നിക്ഷേപകർക്ക് തിരികെ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) 2001 മേയ് മാസം മുതൽ നാളിതുവരെ ഇത്തരത്തിൽ എത്ര തുക നിക്ഷേപകർക്ക് പലിശസഹിതം തിരികെ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

*ഉത്തരം*

(എ) പതിനാല് കടപ്പത്രങ്ങളിലൂടെ 2788.38 കോടി രൂപ.



LIBRARY ARCHIVES Kerala Legislative Assembly

## അനുബന്ധം II

[10-8-2005-ലെ 6 (3259)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക]

### പ്രധാന ചെലവിനങ്ങൾ
### (2002 നവംബർ മുതൽ 2005 ജൂൺ വരെ)

ആകെ കണക്കാക്കിയിരിക്കുന്ന ചെലവിനങ്ങളിൽ ശമ്പളം, മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ എന്നിവ ഒഴികെയുള്ള പ്രധാനപ്പെട്ട ഇനങ്ങൾ ചുവടെ ചേർക്കുന്നു. ഇവ പേമെന്റ് ഉത്തരവുകളെയും അലോട്ട്മെന്റ് ലെറ്ററുകളെയും അടിസ്ഥാനമാക്കിയുള്ളവയാണ്. പത്തൊമ്പതോളം വകുപ്പുകൾ അവയ്ക്ക് കീഴിലെ സ്ഥാപനങ്ങൾവഴി സംസ്ഥാനത്തൊട്ടാകെയുള്ള ട്രഷറികൾവഴിയാണ് തുക പിൻവലിക്കേണ്ടത്. അതിനാൽ 2004-2005-ലെ അക്കൗണ്ടന്റ് ജനറലിന്റെ ഫൈനാൻസ് അക്കൗണ്ട്/ അപ്രോപ്രിയേഷൻ അക്കൗണ്ട് കൂടി പ്രസിദ്ധീകരിച്ചശേഷം മാത്രമേ ചെലവിനങ്ങൾ പൂർണ്ണമായി നിജപ്പെടുത്താനാവുകയുള്ളൂ.

| *ക്രമ നം.* | *ഇനം* | *തുക* |
|---|---|---|
| (1) | (2) | (3) |
| | **പൊതു ഉദ്യമങ്ങൾ** | |
| 1 | വിവരസാങ്കേതിക വകുപ്പിന്റെ അക്ഷയ, സെക്രട്ടറിയേറ്റ് നെറ്റ്വർക്ക് തുടങ്ങിയ ഉദ്യമങ്ങളുടെ നിർവ്വഹണത്തിന് | 3,24,98,600 |
| 2 | ആസൂത്രണ വകുപ്പിന്റെ ദരിദ്രജനവിഭാഗങ്ങളുടെ ക്ഷേമവും, ഉന്നതിയും ലക്ഷ്യമാക്കിയുള്ള ഉദ്യമങ്ങളുടെ നിർവ്വഹണത്തിന് | 3,79,37,000 |
| 3 | പദ്ധതി രൂപീകരണത്തിനുള്ള ശിൽപ്പശാലകൾ, ഉദ്യോഗസ്ഥർക്കുള്ള പരിശീലനം, പ്രധാന പരിശീലനസ്ഥാപനമായ ഐ. എം. ജി. യുടെ അടിസ്ഥാനസൗകര്യവികസനം എന്നിവയ്ക്ക് | 4,65,35,387 |
| 4 | ഉദ്യോഗസ്ഥരുടെ എസ്റ്റാബ്ലിഷ്മെന്റ് കാര്യങ്ങളും ശമ്പള സംവിധാനവും ഏകീകരിച്ചുകൊണ്ടുള്ള ഇന്റഗ്രേറ്റഡ് പേഴ്സണൽ ആന്റ് പേറോൾ മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കുന്നതിന് | 1,36,64,277 |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | (3) |
|---|---|---|
| 5 | വ്യവസായ വകുപ്പിന്റെ പൊതു ഉദ്യമം (എസ്.എൽ. പി. ഇ. പരിഷ്കാരങ്ങൾ) നടപ്പിലാക്കുന്നതിന് | 193,64,26,000 |
| 6 | മഴവെള്ള സംഭരണം പ്രചരിപ്പിക്കുന്നതിനും സർക്കാർ സ്ഥാപനങ്ങളിൽ മാതൃകാ മഴവെള്ള സംഭരണികൾ സ്ഥാപിക്കുന്നതിനുമുള്ള ജലവിഭവവകുപ്പിന്റെ ഉദ്യമം നടപ്പിലാക്കുന്നതിന് | 1,45,000 |
| | **സേവനപ്രദാന പദ്ധതിയിലെ സംസ്ഥാനതല ഉദ്യമങ്ങൾ** | |
| 7 | പോലീസിനും ജനങ്ങൾക്കും പരസ്പരം ആശയവിനിമയം നടത്തുന്നതിനും പരാതികൾ ഇന്റർനെറ്റ് വഴി സ്വീകരിക്കുന്നതിനുമുള്ള പോലീസ് പോർട്ടൽ സ്ഥാപിക്കുന്നതിന് | 42,70,000 |
| 8 | കളക്ട്രേറ്റുകളുടെ പ്രവർത്തനം കമ്പ്യൂട്ടർവൽകരിച്ച് മെച്ചപ്പെടുത്തുന്നതിനുള്ള ഡി. സി. സ്യൂട്ട് പദ്ധതിയുടെ നിർവ്വഹണത്തിന് | 2,26,69,818 |
| 9 | Hospital Kiosk പദ്ധതിയുടെ നിർവ്വഹണത്തിന് | 2,25,36,000 |
| 10 | സെക്രട്ടേറിയേറ്റിന്റെ സേവനനിലവാരം മെച്ചപ്പെടുത്തുന്നതിനായി അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും സെക്രട്ടേറിയേറ്റ് റെക്കോർഡ്സ് തുടങ്ങിയവ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് | 2,56,66,406 |
| | **സേവനപ്രദാന പദ്ധതിക്കുകീഴിൽ തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളുടെ സ്ഥാപനതല പദ്ധതികളുടെ നിർവ്വഹണത്തിന് വകുപ്പ് തിരിച്ചുള്ള കണക്ക്** | |
| 11 | ആരോഗ്യവകുപ്പ് | 34,03,214 |
| 12 | പൊതു വിദ്യാഭ്യാസവകുപ്പ് | 1,07,62,240 |
| 13 | ഭക്ഷ്യ വകുപ്പ് | 4,09,086 |
| 14 | സാമൂഹ്യക്ഷേമ വകുപ്പ് | 13,98,994 |
| | **ആകെ** | **217,27,90,900** |

LIBRARY ARCHIVES Kerala Legislative Assembly